ഉത്തരം

(എ) 13 പ്രാവശ്യം

(ബി)

1-ാം	പ്രാവശ്യം	295.61 കോടി രൂപ.
2-ാം	പ്രാവശ്യം	34.56 കോടി "
3-ാം	പ്രാവശ്യം	300.00 കോടി "
4-ാം	പ്രാവശ്യം	147.90 കോടി "
5-ാം	പ്രാവശ്യം	301.62കോടി "
6-ാം	പ്രാവശ്യം	271.12 കോടി "
7-ാം	പ്രാവശ്യം	19.22 കോടി "
8-ാം	പ്രാവശ്യം	452.73 കോടി "
9-ാം	പ്രാവശ്യം	138.20 കോടി "
10-ാം	പ്രാവശ്യം	302.03 കോടി "
11-ാം	പ്രാവശ്യം	200.00 കോടി "
12-ാം	പ്രാവശ്യം	75.39 കോടി "
13-ാം	പ്രാവശ്യം	507.06 കോടി "

(അടിസ്ഥാന വികസനത്തിനായി)

(സി) പശ്ചാത്തല വികസനത്തിന് വേണ്ടി 507.06 കോടി രൂപയും വ്യാവസായിക പുനരുജ്ജീവനത്തിന് വേണ്ടി 180 കോടി രൂപയും വായ്പ എടുത്തിട്ടുണ്ട്.

കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച ഗ്രാന്റ് തുക

41 (432) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റ് തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര സർക്കാർ ഗ്രാന്റ് തുക ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിന് പലിശ നിശ്ചയിച്ച് കടമായി നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ കടം കൊടുത്ത വർഷവും തുകയും നിശ്ചയിച്ച് പലിശയും സ്ഥാപനത്തിന്റെ പേരും വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ കേന്ദ്ര സർക്കാർ നൽകിയ ഗ്രാന്റ് തുക വകമാറ്റി ചെലവ് ചെയ്തിട്ടുണ്ടോ ; എങ്കിൽ വകമാറ്റപ്പെട്ട വകുപ്പും വർഷവും തുകയും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)	1996-97	490. 13 കോടി രൂപ.
	1997-98	793.31 കോടി രൂപ.
	1998-99	608.60 കോടി രൂപ.
	1999-2000	682.31 കോടി രൂപ.
	2000-2001	749.67 കോടി രൂപ പ്രതീക്ഷിക്കുന്നു.

(ബി) ഇല്ല.

(സി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ഡി) വകമാറ്റി ചെലവ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വേയ്സ് ആന്റ് മീൻസ് അഡ്വാൻസ്

42 (433) ശ്രീ.കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇത് വരെ എത്ര പ്രാവശ്യം വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തിട്ടുണ്ട് ; എന്നെല്ലാം ;

(ബി) ഈ കാലയളവിൽ എത്ര പ്രാവശ്യം ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടുണ്ട് ;

(സി) വേയ്സ് ആന്റ് മീൻസിനും ഓവർഡ്രാഫ്റ്റിനും പലിശ നൽകേണ്ടതുണ്ടോ ; എങ്കിൽ പലിശയുടെ തോത് എത്ര ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈയിനത്തിൽ എന്ത് തുക കൊടുത്തിട്ടുണ്ട് ?

ഉത്തരം

(എ) 2001 ജനുവരി മാസം വരെ ആകെ 489 ദിവസം. സാമ്പത്തിക വർഷം തിരിച്ചുള്ള കണക്ക് താഴെ പറയുന്നു.

1996-97	5 ദിവസം.
1997-98	41 ദിവസം.
1998-99	173 ദിവസം.
1999-2000	201 ദിവസം.
2000-2001	
ജനുവരി വരെ	69 ദിവസം.

(ബി) 2000 ഡിസംബർ വരെ 44 പ്രാവശ്യം ഓവർഡ്രാഫ്റ്റ് എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly